**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3156** **01-03-2023 - ൽ മറുപടിയ്ക്ക്**

**ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൈതൃക ടൂറിസം, മുസരിസ് ടൂറിസം തുടങ്ങിയ പദ്ധതികൾ വ്യാപിപ്പിക്കാനും സ്ത്രീ സൗഹൃദ ടൂറിസം, നൈറ്റ് ലൈഫ് ടൂറിസം എന്നിവക്ക് തുടക്കം കുറിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പൈതൃക ടൂറിസം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പദ്ധതികളാണ് മുസിരീസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി, ട്രാവൻകൂർ പൈതൃക പദ്ധതി എന്നിവ. ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ടിന്റെ ആദ്യഘട്ടമെന്ന നിലയിലും നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുമായി തലസ്ഥാന നഗരിയിലെ തെരഞ്ഞെടുക്കപ്പെട്ട 30 പൈതൃക കെട്ടിടങ്ങളിൽ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തുന്നതിനായി 35.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . ഇതിൽ 18 പൈതൃക കെട്ടിടങ്ങളുടെ വൈദ്യുത ദീപാലങ്കാര പ്രവൃത്തികൾ പൂർത്തീകരിച്ചു. മറ്റ് കെട്ടിടങ്ങളുടെ പ്രവൃത്തികൾ നടന്നു വരുന്നു.<br><br>സംസ്ഥാനത്ത് വിദേശ-ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കനകക്കുന്ന് കൊട്ടാര വളപ്പിൽ രാത്രികാല ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനും ലാന്റ് സ്കേപ്പിംഗ് പ്രവൃത്തികൾ ചെയ്യുന്നതിനുമായി 2.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി ' സ്ട്രീറ്റ് ' പദ്ധതിയിൽ നൈറ്റ് ലൈഫ് ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട് . അതിൽ നൈറ്റ് വാക്കുകൾ, ഫുഡ് ടൂറിസം കൂടാതെ നൈറ്റ് ലൈഫ് ടൂറിസവുമായി ബന്ധപ്പെട്ട് ഫെസ്റ്റിവൽ ടൂർ പാക്കേജുകൾ എന്നിവ ആവിഷ്കരിച്ചിട്ടുണ്ട് .<br><br>സ്ത്രീകളുമായി ബന്ധപ്പെട്ട വിനോദസഞ്ചാരത്തിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക 'സ്ത്രീ സൗഹൃദ ടൂറിസം' എന്ന പുതിയ പദ്ധതി |

| | | | |
|---|---|---|---|
| | | | ഉത്തരവാദിത്ത ടൂറിസം മിഷൻ ഈ സാമ്പത്തിക വർഷം ആരംഭിച്ച് പരിശീലനങ്ങൾ നടന്നു വരുന്നു. |
| (ബി) | സംസ്ഥാനത്ത് ജല സാഹസ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ എന്തൊക്കെ പദ്ധതികൾ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | ജല സാഹസിക ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ഇരുവഞ്ഞിപ്പുഴയിലും ചാലിപ്പുഴയിലും മലബാർ റിവർ ഫെസ്റ്റിവൽ എന്ന പേരിൽ നിരവധി വിദേശ രാജ്യങ്ങളിൽ നിന്നുമുള്ള അന്താരാഷ്ട്ര കയാക്കർമാർ മാറ്റുരയ്ക്കുന്ന ജല സാഹസിക മേള എല്ലാ വർഷവും കേരള അഡ്വഞ്ചർ പ്രൊമോഷൻ ടൂറിസം സൊസൈറ്റി (കെ. എ. റ്റി . പി എസ് .) യുടെ നേതൃത്വത്തിൽ നടത്തിവരുന്നു. സാഹസിക ജല ടൂറിസത്തിന് ഊന്നൽ നൽകിയുള്ള ബേപ്പൂർ അന്തരാഷ്ട്ര വാട്ടർ ഫെസ്റ്റ് എല്ലാ വർഷവും ഡിസംബർ മാസത്തിൽ സംഘടിപ്പിച്ച് വരുന്നു. ഈ വർഷം വേൾഡ് സർഫിംഗ് അസോസിയേഷന്റെ സഹകരണത്തോടെ വർക്കലയിൽ അന്തർദേശീയ സർഫിംഗ് ചാപ്യൻഷിപ്പ് സംഘടിപ്പിക്കുന്ന കാര്യവും വിനോദസഞ്ചാര വകുപ്പിന്റെ പരിഗണനയിലാണ് . ജല സാഹസിക ടൂറിസം പ്രവർത്തനങ്ങളുടെ പരിശീലനത്തിനുള്ള സർഫിംഗ് കേന്ദ്രം ബേപ്പൂരിൽ ആരംഭിച്ചു. ടൂറിസം വകുപ്പിന്റെ കീഴിൽ ആദ്യമായാണ് സർഫിംഗ് പരിശീലനകേന്ദ്രം സ്ഥാപിക്കുന്നത് . ജല സാഹസിക ടൂറിസത്തിന്റെ ഭാഗമായി കയാക്കിംഗ് ഉൾപ്പെടെയുള്ളവ പ്രോത്സാഹിപ്പിക്കാൻ പദ്ധതി തയ്യാറാക്കുന്നു. കടൽ മേഖലയിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ സാധ്യമാക്കിയും ഈ പ്രവർത്തനം മുന്നോട്ടു പോകുന്നു. ബേപ്പൂരിലും മുഴപ്പിലങ്ങാട്ടും ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ സ്ഥാപിച്ചിട്ടുണ്ട് . ഇത് സഞ്ചാരികളെ വലിയ തോതിൽ ആകർഷിക്കുന്നു. |

സെക്ഷൻ ഓഫീസർ